


# നീതി നിഷേധിക്കപ്പെടുന്ന പൗരൻ

## *പ്രവാസി അവകാശ സംരക്ഷണം നിയമങ്ങളിലൂടെ*

● അഡ്വ: ഷിജി എ. റഹ്മാൻ

ഉപകാരത്തിന് പ്രത്യുപകാരമെന്നതാണ് നാട്ടുമര്യാദ. എന്നാൽ ഈ മര്യാദ എക്കാലവും നിഷേധിക്കപ്പെട്ട കൂട്ടരാണ് പ്രവാസികൾ. രാജ്യത്തിന്റെ സമ്പദ്ഘടനയുടെ നിലനിൽപ്പിന് പ്രവാസി ഒഴുക്കുന്ന വിദേശനാണ്യത്തിന്റെ സ്വാധീനം തള്ളിക്കളയാനാവില്ല. വൻകിടവ്യവസായികളുടെ വിദേശനിക്ഷേപങ്ങളേക്കാളും എത്രയോ ഇരട്ടിവരും എണ്ണത്തിൽ കൂടുതലുള്ള സാധാരണക്കാരായ അവിദഗ്ധ തൊഴിലാളികളിൽനിന്ന് നാട്ടിലേക്ക് ഒഴുകുന്ന വിദേശപണം. എന്നാലും നാട്ടിലും വിദേശത്തും പ്രവാസികൾക്ക് നേരെയുള്ള ചൂഷണം അനുസ്യൂതം തുടർന്നു കൊണ്ടേയിരിക്കുന്നു. ചൂഷകരായ തൊഴിലുടമകളിൽനിന്നും ഇടനിലക്കാരിൽനിന്നും ഇവരെ സംരക്ഷിക്കുന്നതിലോ സംരക്ഷണനിയമങ്ങൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നതിലോ മാറിമാറി വരുന്ന ഭരണകൂടങ്ങളൊന്നും ശ്രദ്ധിച്ചുകാണുന്നില്ല. വോട്ടവകാശംപോലും പ്രവാസികൾക്ക് നിഷേധിക്കപ്പെടുന്നു. റിക്രൂട്ട്മെന്റ് വ്യവസായത്തിന്റെ ചൂഷണക്കൾക്കിരയായി മറുനാട്ടിൽ കഷ്ടപ്പെടുന്നവർ അനവധിയാണ്. വ്യാജവിസയിൽ വിദേശത്തെത്തി സെക്സ്റാക്കറ്റുകളുടെ പിടിയിലകപ്പെട്ട് നരകിക്കുന്ന എത്രയോ സ്ത്രീകളുണ്ട്. ചില സംഭവങ്ങളെല്ലാം പത്രറിപ്പോർട്ടുകളായി നാം അറിയുമ്പോൾ മറ്റു പലതും ആരും അറിയാതെ പോവുന്നു. നല്ലജോലിയും ഉയർന്ന ശമ്പളവും വാഗ്ദാനം ചെയ്ത് സ്ത്രീകളെ എത്തിച്ച് അനാശാസ്യപ്രവർത്തനങ്ങളിലേക്ക് തള്ളിവിടുന്ന വൻസംഘത്തെ അബൂദാബിയിൽ അടുത്തിടെ പിടികൂടുകയുണ്ടായി. വിദേശത്ത് എത്തിയ ഉടൻ സ്ത്രീകളുടെ പാസ്പോർട്ട് കൈക്കലാക്കിയശേഷം വേശ്യവൃത്തിക്ക് നിർബന്ധിക്കുകയാണിവർ ചെയ്യുന്നത്.

വ്യാപകമായി വരുന്ന ഇത്തരം സംഘങ്ങളെ കുറിച്ച് അന്വേഷിക്കാൻ ഐ.ജി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തിന് രൂപം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഹരജി കേരള ഹൈക്കോടതിക്കു മുന്നിൽ ഫെബ്രുവരി മാസത്തിൽ എത്തിയിരുന്നു. പ്രസ്തുത സംഭവത്തിൽ കോടതി പോലീസ് റിപ്പോർട്ട് തേടി.

ഭരണഘടനാപരമായ എല്ലാ സംരക്ഷണങ്ങൾക്കും അവകാശങ്ങൾക്കും പ്രവാസികളും അർഹരാണെങ്കിലും സംരക്ഷണം തേടി ആരെ സമീപിക്കണമെന്നോ, നിയമപരമായി എങ്ങനെ നീങ്ങണമെന്നോ നിശ്ചയമില്ലാത്ത അവസ്ഥയിലാണ് ഇന്ത്യയിൽ

നിന്നുള്ള പ്രവാസികൾ. പല രാജ്യങ്ങളുടെയും വിസകൾ അംഗീകൃതമാണോ എന്ന് ഉറപ്പിക്കാനുള്ള സംവിധാനങ്ങൾ പോലും നമ്മുടെ എമിഗ്രേഷൻ വിഭാഗങ്ങളിൽ ഇല്ല. വ്യാജവിസകളിൽ ഗൾഫ് നാടുകളിലേക്ക് ധാരാളം പേർ ദിനേനയെന്നോണം കടത്തപ്പെട്ട് മനുഷ്യകടത്തിന്റെ ഒരു കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്.

വിദേശത്തേക്ക് പോകുന്നവർക്ക് സഹായവും സംരക്ഷണവും മുൻനിർത്തി 1622ലാണ് എമിഗ്രേഷൻ നിയമം നിർമിക്കപ്പെട്ടത്. 1983ൽ സമാനമായ ഒരു ഭേദഗതിയിലൂടെ നിയമം പരിഷ്കരിക്കുകയുണ്ടായി. എമിഗ്രേഷൻ നിയമപ്രകാരം പ്രൊട്ടക്ടേർസ് ഓഫ് എമിഗ്രന്റ് എന്ന ഉദ്യോഗസ്ഥന്മാരും പ്രൊട്ടക്ഷൻ ജനറലും ഭാരതത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. നിബന്ധനകൾക്ക് വിധേയമായി റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് ലൈസൻസ് കൊടുക്കാനും നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികളുടെ ലൈസൻസ് റദ്ദാക്കാനുമുള്ള അധികാരം പ്രൊട്ടക്റ്റർ ജനറലിനുണ്ട്.

2004ൽ ആണ് ഇന്ത്യയിൽ വിദേശ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി Ministry of Overseas Indian Affairs (MOIA) രൂപീകരിക്കപ്പെട്ടത്. അന്താരാഷ്ട്ര കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയുമാണ് ഈ മന്ത്രാലയത്തിന്റെ ചുമതലകൾ. പ്രവാസികൾ പലതരം ചൂഷണങ്ങൾക്കിരയാകുന്ന ഇന്നത്തെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രവാസികൾക്ക് അനുകൂലമായ സാഹചര്യം നാട്ടിലും മറുനാട്ടിലും സൃഷ്ടിക്കുക, എല്ലാ കാര്യങ്ങളിലും ശരിയായ അറിവ് നൽകി തീരുമാനങ്ങളെടുക്കാൻ പ്രാപ്തരാക്കുക, അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക തുടങ്ങി പലതും ചെയ്തുകൊടുക്കേണ്ട ബാധ്യത മാതൃരാജ്യത്തിനുണ്ട്. മറ്റു രാജ്യങ്ങളിൽ ഇത്തരം നിയമങ്ങൾ നിലവിലുണ്ട്. പ്രവാസികളുടെ ആവർത്തിച്ചുള്ള നിവേദനങ്ങൾക്കൊടുവിൽ എമിഗ്രേഷൻ ബിൽ 2010 പാർലമെന്റിൽ പാസാക്കിയെടുക്കുമെന്ന വാഗ്ദാനം പ്രവാസികാര്യ വകുപ്പ് മന്ത്രിയിൽ നിന്നുണ്ടായിട്ടുണ്ട്.

അനധികൃത റിക്രൂട്ട്മെന്റും മനുഷ്യകടത്തും തടയുക, റിക്രൂട്ട്മെന്റ് ഏജൻസികളെ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, പ്രവാസികൾക്ക് ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് പുതിയ ബിൽ. വാഗ്ദാനങ്ങൾ പാലിക്കാത്ത റിക്രൂട്ട്മെന്റ് ഏജൻസികളുടെ നടത്തിപ്പുകാർക്ക് അഞ്ചുവർഷം വരെ തടവ് ശിക്ഷ നൽകാനുള്ള വ്യവസ്ഥകൾ പുതിയ ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

ഏറെ കാലമായി നടപ്പിലാകാത്ത മറ്റൊരു വിഷയമാണ് പ്രവാസികളുടെ വോട്ടവകാശം. 1950ലെ ജനപ്രാതിനിധ്യ നിയമം രാജ്യത്തിനു പുറത്തുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും സൈനികർക്കും വോട്ടവകാശം ഉറപ്പു നൽകുന്നുണ്ട്. സ്വന്തംനിലക്ക് ജീവിതമാർഗം തേടി വിദേശ രാജ്യങ്ങളിൽ എത്തിപ്പെടുന്ന പ്രവാസിക്കുമാത്രം ഈ അവകാശം നിഷേധിക്കപ്പെടുക എന്നത് വളരെ ദൗർഭാഗ്യകരമാണ്. ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്ക, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ പരവാസികളായ തങ്ങളുടെ പൗരന്മാർക്ക് ഈ അവകാശം നൽകുന്നുണ്ട്.

ജനപ്രാതിനിധ്യ നിയമത്തിലെ 20-ാം വകുപ്പാണ് ഈയൊരു അവകാശത്തിന് തടസ്സം. ഇതിൽ 'സാധാരണ താമസക്കാരന്റെ' നിർവചനമാണ് പ്രവാസിയുടെ വോട്ടവകാശത്തിന് വിലങ്ങുതടിയാവുന്നത്. 'സാധാരണ താമസക്കാരൻ' എന്ന വിശദീകരണത്തിൽ പ്രവാസി വരുന്നില്ല. ഈ നിയമഭേദഗതിയിലൂടെ മാത്രമേ പ്രവാസിക്ക് വോട്ട് ചെയ്യാനുള്ള അവസരം ലഭിക്കുകയുള്ളൂ. ഇത്തരമൊരു ബിൽ പാർലമെന്റിൽ പാസാക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം എത്രത്തോളം വിജയിക്കുമെന്ന കാര്യത്തിൽ സംശയമാണ്. 2006ൽ പാർലമെന്റിൽ ഇത്തരമൊരു ഭേദഗതി അവതരിപ്പിച്ചെങ്കിലും തുടർ നടപടിയുണ്ടായില്ല. ഭരണപങ്കാളിത്തം, അഭിപ്രായ സ്വാതന്ത്ര്യം തുടങ്ങിയ കടുത്ത അനീതി പ്രവാസിയായതിന്റെ പേരിൽ അനുഭവിക്കേണ്ടി വരുന്നത് ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലാണെന്നത് വിരോധാഭാസമാണ്.